**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 8** **22-02-2022 - ൽ മറുപടിയ്ക്ക്**

**കെ-റെയിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കെ-റെയിൽ പദ്ധതി സംബന്ധിച്ച് ജനങ്ങളിൽ ഉണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിക്കാനുള്ള പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) | കെ-റെയിൽ പദ്ധതി സംബന്ധിച്ച് ജനങ്ങളിൽ ഉണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിക്കാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ചേംബർ ഓഫ് കൊമേഴ്സ്, സർക്കാർ സ്ഥാപനങ്ങൾ, സാമൂഹിക-സാംസ്കാരിക പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി വിശദീകരണ യോഗങ്ങൾ ചേർന്നിരുന്നു. സിൽവർ ലൈൻ അലൈൻമെന്റ് കടന്നു പോകുന്ന മണ്ഡല ങ്ങളിലെ നിയമസഭാ സാമാജികർക്കായി ഒരു അവതരണം 2020 ഫെബ്രുവരി 10-ന് നടത്തിയിരുന്നു. കൂടാതെ സിൽവർലൈൻ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ആശങ്കയ കുറ്റന്നതിനും പദ്ധതിക്ക് ജനപിന്തുണ ഉറപ്പാക്കുന്നതിനുമായി മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും അദ്ധ്യക്ഷതയിൽ ജില്ലകളിലുടനീളം പൗരപ്രമുഖരുമായി 'ജനസമക്ഷം സിൽവർലൈൻ' എന്ന പേരിൽ വിശദീകരണ യോഗം ചേരുകയുണ്ടായി. സമഗ്ര പുനരധിവാസ പാക്കേജും, പ്രസ്തുത യോഗത്തിൽ അവതരിപ്പിച്ചിരുന്നു. ഭൂമി ഏറ്റെടുക്കൽ മൂലമുണ്ടാകുന്ന ആഘാതങ്ങൾ, ബാധിക്കപ്പെടുന്ന കുടുംബങ്ങൾ, നഷ്ടം സംഭവിക്കുന്ന വീടുകൾ, കെട്ടിടങ്ങൾ, ആഘാതം ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, ന്യായമായ നഷ്ടപരിഹാരം നൽകൽ തുടങ്ങിയവ സംബന്ധിച്ച വിവരശേഖരണത്തിനായി സാമൂഹികാഘാത പഠനം നടത്തിവരികയാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ ദ്രുത പരിസ്ഥിതി ആഘാത പഠനത്തിന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ; | (ബി) | റിപ്പോർട്ട് കെ-റെയിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) | പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ എത്ര ശതമാനം നാളിതുവരെ | (സി) | സിൽവർലൈൻ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം |

| | | | |
|---|---|---|---|
| | ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ; | | 20.05 കോടി രൂപയുടെ അധിക ധനാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | പണി പൂർത്തീകരിക്കാൻ ആവശ്യമായ ഫണ്ട് വിദേശ നിക്ഷേപമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ഡി) | ഡി.പി.ആർ പ്രകാരം ഉഭയകക്ഷി ബഹുമുഖ അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 33,700 കോടി രൂപ സമാഹരി ക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി എ.ഡി.ബി, ജൈക്ക, എ.ഐ.ഐ.ബി, കെ.എഫ്.ഡബ്ല്യൂ എന്നിവരെ കേന്ദ്ര ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് വഴി സമീപിക്കുകയും വിശദ പദ്ധതി റിപ്പോർട്ട് നീതി ആയോഗിനുൾപ്പെടെ സമർപ്പി ക്കുകയും ചെയ്തു. റെയിൽവേ ബോർഡ്, ധനകാര്യം (എക്സ്പെൻഡിച്ചർ), നീതി ആയോഗ് എന്നീ കേന്ദ്ര സർക്കാർ വകുപ്പുകൾ ഇതിനോടകം തന്നെ കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിനു പദ്ധതി ശിപാർശ ചെയ്തിട്ടുണ്ട്. കണ്ണൂർ, കൊച്ചി, വിമാനത്താവള വികസന മാതൃകയിൽ പൊതുജന നിക്ഷേപവും കൊണ്ടുവരാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ഇ) | പദ്ധതിയുടെ റൂട്ട് അന്തിമമായി തീരുമാനിച്ചിട്ടുണ്ടോ; ഭൂമി ഏറ്റെടുക്കുന്നതിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ഇ) | സിൽവർലൈൻ പദ്ധതിയുടെ അലൈൻമെന്റ് ഉൾപ്പെടെയുള്ള വിശദ പദ്ധതി റിപ്പോർട്ട് പൂർത്തീകരിക്കുകയും മന്ത്രിസഭ യുടെ അംഗീകാരത്തോടെ റെയിൽവേ മന്ത്രാലയത്തിനു സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമിയേറ്റെടുക്കുന്നതിനായി സാമൂഹികാ ഘാത പഠനത്തിനായുള്ള അതിരടയാളക്കല്ലിടൽ പുരോഗമിച്ചു വരുന്നു. എല്ലാ ജില്ലകളിലും എൽ.എ യൂണിറ്റുകളും രൂപീകരിച്ചിട്ടുണ്ട്. സാമൂഹികാഘാത പഠനവുമായി ബന്ധപ്പെട്ട വിജ്ഞാപനം 11 ജില്ലകളിൽ പുറപ്പെടുവിക്കുകയും ഏജൻസിയെ നിയോഗിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ